ഫാറം നമ്പർ 7

ചട്ടം 18(1) കാണുക

വിജ്ഞാപനം

വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

സി3-39326/15.

കളക്ടറേറ്റ്, എറണാകുളം

തീയതി:

കേരള സർക്കാർ 04/12/2015 ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 649/2015/റവ വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ബി.പി.സി.എൽ/കെ.ആർ.എൽ, തൃപ്പൂണിത്തുറ, എറണാകുളത്തെ നിയമിച്ചിരുന്നതിനാലും;

ഈ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം കളക്ടറേറ്റിലെ പൊന്നുംവില ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരുന്നതിനാലും;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ബി.പി.സി.എൽ-കൊച്ചി റിഫൈനറി പെട്രോകെമിക്കൽ പദ്ധതിയുടെ നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാറിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ തന്മൂലം അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് 1-ാം ഉപ വകുപ്പിലെ വ്യവസ്ഥകൾ ക്കനുസൃതമായി ഇക്കാര്യത്തിലും അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലയ്ക്കെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 60 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ബി.പി.സി.എൽ/കെ.ആർ.എൽ, തൃപ്പൂണിത്തുറ, എറണാകുളം മുൻപാകെ സമർപ്പിക്കേണ്ട താണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, സ്ഥലത്തിലുള്ള താല്പര്യം സംശയലേശമന്യേ വിശദീകരിക്കാത്ത ആക്ഷേപങ്ങളും നിരപാധികം നിരസിക്ക പ്പെടുന്നതാണ്.

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം താഴെ കൊടുത്തിരിക്കുന്നു. ആയത് എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റായ www.ernakulam.gov.in ൽ ലഭ്യമായിട്ടുള്ളതാണ്.

## പട്ടിക

ജില്ല: എറണാകുളം
വില്ലേജ്: തിരുവാണിയൂർ

താലൂക്ക്:കുന്നത്തുനാട്
ബ്ലോക്ക്: 40

(ഏകദേശ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു)

| ക്രമ നമ്പർ | റീസർവ്വേ നമ്പർ/ സബ് ഡിവിഷൻ നമ്പർ | വിവരണം | വിസ്തീർണ്ണം ഹെക്ടറിൽ | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥൻ |
|---|---|---|---|---|---|---|
| 1 | 5/3 | നിലം | 0.1200 | ബി.പി.സി.എൽ- കൊച്ചി റിഫൈനറിയുടെ പെട്രോ കെമിക്കൽ പദ്ധതി | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസ വീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാത്തതാണ്. | കഴിക്കാട് മധുരത്താറ്റില്ലത്ത് ശങ്കരൻ നമ്പൂതിരി ഭാര്യ പാർവ്വതി അന്തർജ്ജനത്തിന്റെ അവകാശികൾ |

ആകെ വിസ്തീർണ്ണം- 0.1200 ഹെക്ടർ

## സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്തരൂപം

എറണാകുളം ജില്ലയിലെ കന്നത്തുനാട് താലൂക്കിലെ തിരുവാണിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 40 റീസർവ്വെ നമ്പർ 5/3 ലെ 0.1200 ഹെക്ടർ ഭൂമിയാണ് ബി.പി.സി.എൽ. -കൊച്ചി റിഫൈനറി പെട്രോകെമിക്കൽ പ്രോജക്ടിനായി ആവശ്യമായി വരുന്നത്. ടി പദ്ധതി നിലവിൽ വരുന്നതുകൊണ്ട് ആരേയും പുനരധിവസിപ്പിക്കേണ്ടതില്ലാ എന്ന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ കോതമംഗലം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ തയ്യാറാക്കി സമർപ്പിച്ച സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ ടി പദ്ധതി പൂർത്തീകരിക്കുന്നതു വഴി ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളെ അപേക്ഷിച്ച് വലുതായതിനാലും ടി പദ്ധതി ഒഴിവാക്കാനാകാത്ത് ആവശ്യമായി കണക്കാക്കി നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം ആയതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതി അംഗീകരിച്ചിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും വിദഗ്ദ്ധ സമിതിയുടെ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെയും ആയതിന് അംഗീകാരം നൽകിയ ഉത്തരവിന്റേയും പകർപ്പുകൾ എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ സൈറ്റായ www.ernakulam.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും, ആയതിന്റെ പകർപ്പുകൾ എറണാകുളം ജില്ലാ കളക്ടറേറ്റ്, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ബി.പി.സി.എൽ./കെ.ആർ.എൽ. തൃപ്പൂണിത്തുറ, എറണാകുളം എന്നിവിടങ്ങളിലും ലഭ്യമായിട്ടുള്ളതാണ്.

11.7.19

ജില്ലാ കളക്ടർ